# MALANKARA CATHOLIC CHURCH

## SYNODAL COMMISSION FOR THE YOUTH

Moran Mor Baselios Cleemis Catholicos
Chairman

Major Archbishop's House
Thirusannidhi
Pattom, Trivandrum - 695 004

**മലങ്കര കത്തോലിക്കാ യുവജനദിനം**

**2008 ഒക്ടോബര്‍ 5 ഞായര്‍**

**സന്ദേശം**

അഭിവന്ദ്യപിതാക്കന്മാരെ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരെ, റമ്പാന്മാരെ, വൈദിക സഹോദരങ്ങളെ, സന്യസ്തരെ, കര്‍ത്താവില്‍ പ്രിയ യുവജനങ്ങളെ, വിശ്വാസികളെ,

മലങ്കര കത്തോലിക്കാസഭയുടെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം.ന്റെ സ്വര്‍ഗ്ഗീയ മദ്ധ്യസ്ഥനായ വി. ഫ്രാന്‍സിസ് അസീസിയുടെ തിരുനാള്‍ ദിനമായ ഒക്ടോബര്‍ 4 മലങ്കര കത്തോലിക്കാ സഭയില്‍ യുവജനദിനമായി ആചരിക്കുകയാണ്. ഒക്ടോബര്‍ 4 പ്രവൃത്തി ദിനമായതിനാല്‍ 5-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ഇടവകകളിലും മിഷന്‍ കേന്ദ്രങ്ങളിലും യുവജനദിനം സമുചിതമായി ആചരിക്കുവാന്‍ ബഹു. വൈദികരെയും വിശ്വാസികളെയും പ്രത്യേകിച്ച് എം.സി.വൈ.എം. പ്രവര്‍ത്തകരെയും ഞാന്‍ സ്നേഹപൂര്‍വ്വം ആഹ്വാനം ചെയ്യുന്നു. അന്നേ ദിവസത്തെ വി. കുര്‍ബ്ബാനയെ തുടര്‍ന്ന് അസീസി പഠന സെമിനാര്‍, സഭയില്‍ യുവജനങ്ങളുടെ ദൗത്യവും പങ്കാളിത്തവും വ്യക്തമാക്കുന്ന സമ്മേളനങ്ങള്‍ എന്നിവ ക്രമീകരിക്കുവാനും, യുവജന പ്രവര്‍ത്തനങ്ങള്‍ക്ക് എല്ലാവിധ പ്രോത്സാഹനവും നല്‍കുവാനും ഞാന്‍ ഏവരെയും അനുസ്മരിപ്പിക്കുന്നു.

മലങ്കര കത്തോലിക്കാ യുവജനങ്ങള്‍ സഭയോട് ചേര്‍ന്ന് സഭാതലത്തിലും, ഭദ്രാസന-ഇടവകതലങ്ങളിലും സംഘടിതമായും അല്ലാതെയും നിര്‍വ്വഹിക്കുന്ന പ്രവര്‍ത്തനങ്ങളെ അഭിനന്ദിക്കുകയും അനുമോദിക്കുകയും ചെയ്യുന്നു. ഊര്‍ജ്ജസ്വലത നിറഞ്ഞു നില്‍ക്കുന്ന യുവജനങ്ങള്‍ നമ്മുടെ

സഭയുടെ ശക്തിയും ഭാവിപ്രതീക്ഷയുമാണ്. സഭയെ പടുത്തുയർത്തുകയും സഭയുടെ സന്ദേശം സമൂഹത്തിൽ സജീവമായി നിലനിർത്തുകയും, സഭയെ നിരന്തരം നവീകരിക്കുകയും ചെയ്യുക മറ്റാരെയുംകാൾ യുവജനങ്ങളുടെ ചുമതലയാണ്. വിശ്വാസ സമൂഹത്തിൽ മലങ്കര കത്തോലിക്കാസഭയുടെ ദർശനങ്ങളുടെയും താൽപര്യങ്ങളുടെയും സംരക്ഷകരും സംവാഹകരും ആയിരിക്കുവാൻ ഓരോ മലങ്കര കത്തോലിക്കാ യുവാവും യുവതിയും വിളിക്കപ്പെട്ടിരിക്കുന്നു. സഭയുടെ പ്രേഷിത പ്രവർത്തനങ്ങളിൽ ഉൾച്ചേർന്ന് പ്രതിസന്ധികളിൽ പതറാതെ പാറപോലെ സഭയോടൊത്ത് ഉറച്ചുനിൽക്കാനും യുവജനങ്ങൾക്ക് കഴിയണം.

സഭയും സമൂഹവും വിവിധ പ്രതിസന്ധികളെ നേരിടുന്ന കാലഘട്ടമാണിത്. മതേതരത്വവും ജനാധിപത്യമൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന നമ്മുടെ ഭാരതത്തിൽ ജനജീവിതവും മതജീവിതവും സുരക്ഷിതമല്ലാതായിരിക്കുന്നു. ഒറീസയിലും മംഗലാപുരത്തും മറ്റനേകം സ്ഥലങ്ങളിലും ക്രൈസ്തവമിഷനറിമാരും സമൂഹവും പീഡിപ്പിക്കപ്പെടുകയും മൃഗീയമായി കൊലചെയ്യപ്പെടുകയും ആരാധനാലയങ്ങൾ തകർക്കപ്പെടുകയും ചെയ്യുന്നു. ക്രിസ്ത്യാനിയായി എന്നതിന്റെ പേരിൽ പാവപ്പെട്ട വിശ്വാസികൾ വേട്ടയാടപ്പെടുന്നു. ഇത്തരം അരക്ഷിതാവസ്ഥയിൽ ആത്മവിശ്വാസവും കരുത്തും ആശ്വാസവും പ്രത്യാശയും നൽകാൻ യുവജനങ്ങൾക്കാകണം. ഉറച്ച കാൽവയ്പും വിശ്വാസധീരതയും പ്രകടിപ്പിക്കാൻ യുവജനസഭ തയ്യാറാകണം. സ്നേഹത്തിന്റെയും സഹനത്തിന്റെയും വഴിയാണ് നമുക്കുമുന്നിലുള്ളത്; നമ്മുടെ കർത്താവായ ക്രിസ്തു കാണിച്ചുതന്ന മാർഗ്ഗം. ആയുധമെടുക്കുന്നുവൻ ഭീരുവാണ്. ആയുധമേന്താത്ത വിശ്വാസത്തിന്റെ ചങ്കൂറ്റമാണ് നമുക്കുവേണ്ടത്. അക്രമം നമ്മുടെ വഴിയല്ല.

നിരീശ്വരത്വവും ഭൗതികവാദവും ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടം കൂടിയാണിത്. നിരീശ്വര പ്രസ്ഥാനങ്ങൾ സഭയെയും സഭാ അധികാരികളെയും അവഹേളിക്കാൻ ഒളിഞ്ഞും തെളിഞ്ഞും പരിശ്രമിക്കുന്നു. ധനത്തോടുള്ള ആർത്തിയും ധൂർത്തും, അഴിമതിയും സ്വജനപക്ഷപാതവും ഈ സമൂഹത്തെ നശിപ്പിക്കുന്നു. ഇവിടെ നമ്മുടെ യുവജനങ്ങൾ ദൈവവിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും നീതിയുടെയും സത്യസന്ധതയുടെയും പ്രതീകങ്ങളാകണം. അസീസിയിലെ വി. ഫ്രാൻസിസിനെ പോലെ സമാധാനത്തിന്റെയും പരിത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും വക്താക്കളാകാൻ എം.സി.വൈ.എം. പ്രവർത്തകർക്കാകട്ടെ.

പ്രിയ യുവജനങ്ങളെ, 2008-2009 വർഷങ്ങളിലെ നമ്മുടെ പഠനവിഷയം "വചനത്തിൽ വസിക്കുക ലോകത്തെ വിശുദ്ധീകരിക്കുക" എന്നതാണല്ലോ. കാലിക പ്രസക്തിയുള്ള ഈ വിഷയം ആഴത്തിൽ പഠിക്കാനും പരിശീലിക്കാനും പരിശ്രമിക്കണം. വചനവും, വ്യക്തിയും തമ്മിലുള്ള പരസ്പര സഹവാസത്തിൽ വിശുദ്ധിപ്രാപിക്കാനും അതുവഴി സമൂഹത്തെയും ലോകത്തെയും വിശുദ്ധീകരിക്കുവാനുള്ള സഭയുടെ ദൗത്യത്തിൽ പങ്കുചേരാനും ഈ വിഷയം നമ്മെ ആഹ്വാനം ചെയ്യുന്നു. വചനത്തിൽ വസിക്കുക എന്നുവെച്ചാൽ ദൈവവചനത്തോട് നിരന്തരം ആഭിമുഖ്യം പുലർത്തുകയും ആ വചനത്തിന് അനുസൃതമായി ജീവിതത്തെ ക്രമീകരിക്കുകയും ചെയ്യുക എന്നാണ്. വചനം ദൈവം തന്നെയാണ്. ഈ വചനമാണ് മാംസമെടുത്തതും മനുഷ്യനായതും. നിരന്തരമായ വചന വായനയും വചന ധ്യാനവും നമ്മെ വചനോപാസകരാക്കണം. ഇത് തായ്തണ്ടാകുന്ന മുന്തിരിചെടിയോട് ശാഖകൾ എന്നപോലെയുള്ള കൂടിച്ചേരലാണ്. "ഞാൻ മുന്തിരിചെടിയും നിങ്ങൾ ശാഖകളും ആണ്" (യോഹ 15:5).

സങ്കീർത്തകൻ ഇപ്രകാരം പറയുന്നു: "അങ്ങയുടെ വചനം എന്റെ പാദങ്ങൾക്ക് വിളക്കും പാതയിൽ പ്രകാശവുമാണ്" (സങ്കീ 119:105). ദൈവവചനത്തോടുള്ള സഹവാസം ജീവിതത്തെയും ജീവിതവഴികളെയും പ്രകാശിപ്പിക്കും. കാരണം വചനത്തിലൂടെ ക്രിസ്തുവാണ് നമ്മിൽ പ്രകാശിക്കുന്നത്. "ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല" (യോഹ 8:12). ഉള്ളിലെ പാപാന്ധകാരം അകറ്റപ്പെട്ട് വ്യക്തി ദൈവിക പ്രകാശത്തിൽ നിറയുന്ന പ്രക്രിയയാണ് വിശുദ്ധീകരണം. ഇതാണ് ക്രിസ്തുവുമായുള്ള ഒന്നാകൽ. യുവത്വത്തിന്റെ ശക്തി വചനത്തിൽ നിന്നായിരിക്കണം. "യുവാക്കന്മാരെ ഞാൻ നിങ്ങൾക്കെഴുതുന്നു നിങ്ങൾ ശക്തരാണ്. ദൈവത്തിന്റെ വചനം നിങ്ങളിൽ വസിക്കുന്നു. നിങ്ങൾ ദുഷ്ടനെ ജയിക്കുകയും ചെയ്തിരിക്കുന്നു" (1 യോഹ 2:14). വചനത്തിൽ വസിച്ച് വചനത്തിന്റെ ശക്തിയാൽ ഇന്നത്തെ ലോകത്തെ വിശുദ്ധീകരിക്കാനുള്ള ദൗത്യം യുവജനങ്ങൾക്കാണ്. സമൂഹത്തിൽ നിലനിൽക്കുന്ന ഉച്ചനീചത്വങ്ങളെയും ധാർമ്മിക അധ:പതനത്തെയും ദൂരീകരിക്കണം. ഈ സമൂഹത്തിൽ ദൈവിക, ധാർമ്മിക ജനാധിപത്യ മൂല്യങ്ങൾ ഉയർത്തി നന്മപ്രവർത്തിക്കുവാനും പ്രചരിപ്പിക്കുവാനും യുവജനങ്ങൾക്ക് കഴിയണം.

എം.സി.വൈ.എം. ദിനത്തിൽ മലങ്കര സഭയിലെ യുവജനങ്ങളെ ദൈവത്തിനു മുമ്പിൽ സമർപ്പിക്കാം. വ്യക്തിപരമായ പ്രത്യേകതകളുടെയും വികലമായ വീക്ഷണങ്ങളുടെയും സംഘടനാപരമായ പോരായ്മകളുടെയും പേരിൽ ഒരിടവകയിലും യുവജനപ്രസ്ഥാനപ്രവർത്തനങ്ങൾ മന്ദീഭവിച്ചു കൂടാ. യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് സാധിക്കുന്നത്ര സഹായങ്ങൾ ചെയ്തുകൊടുക്കണമെന്ന് ഇടവകയുടെ ചുമതലയുള്ള എല്ലാവരെയും അനുസ്മരിപ്പിക്കട്ടെ. എം.സി.വൈ.എം. ദിനത്തിലെ സ്തോത്രകാഴ്ച യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്കായി അതാത് ഭദ്രാസന കേന്ദ്രങ്ങളിലേയ്ക്ക് നൽകാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നാമെല്ലാവരോടുംകൂടെ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെയും മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് അസീസിയുടെയും പ്രാർത്ഥനകളാൽ തന്നെ.

ആമേൻ



**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ**
മലങ്കര കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ്,
ചെയർമാൻ, .യുവജനങ്ങൾക്കായുള്ള സിനഡൽ കമ്മീഷൻ

23.09.2008
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

N.B.: ഈ സന്ദേശം 2008 ഒക്ടോബർ 5 ഞായറാഴ്ചയോ അതിനടുത്തുവരുന്ന ഞായറാഴ്ചയോ വി. കുർബാനമദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.